2. പേരയം പഞ്ചായത്തിലെ കോട്ടപ്പുറം പദ്ധതിയുടെ 2 ടെണ്ടറുകൾ പരിശോധിച്ചുവരുന്നു. കോട്ടപ്പുറം പദ്ധതിക്കാവശ്യമായ സ്ഥലം ഏറ്റെടുത്ത് നൽകുന്നതിലെ താമസവും ആദ്യ ടെണ്ടറിൽ കരാറുകാർ പങ്കെടുക്കാത്തതുമാണ് പദ്ധതി നിർവ്വഹണം താമസിക്കാനുള്ള പ്രധാന കാരണം.

3. കണ്ടറ നിയോജകമണ്ഡലത്തിലെ കൊറ്റംകര പഞ്ചായത്തിലേക്കുള്ള ശുദ്ധജല വിപുലീകരണ പദ്ധതിക്ക് 100 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ ഡി.എസ്.ആർ. (Delhi Schedule of Rates) അനുസരിച്ച് പദ്ധതി പൂർത്തിയാക്കേണ്ടി വന്നതിനാൽ പദ്ധതി അടങ്കൽ തുക 120 ലക്ഷമായി ഉയർന്നു. ഇതനുസരിച്ച് 120 ലക്ഷം രൂപയുടെ പുതുക്കിയ പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

ജലസേചന വകുപ്പ്

കണ്ടറ നിയോജകമണ്ഡലത്തിൽ ഒരു പ്രവൃത്തിക്ക് അനുമതി നൽകിയിട്ടുണ്ട് (കണ്ടറ പഞ്ചായത്തിൽ കക്കോലിൽ കണ്ടുകളത്തിന്റെ നവീകരണവും അനുബന്ധ പ്രവൃത്തികളും-30 ലക്ഷം രൂപ). മൂന്നുതവണ ടെണ്ടർ വിളിച്ചെങ്കിലും കോൺട്രാക്ടർമാരിൽ നിന്നും പ്രതികരണം ഉണ്ടാകാത്തതിനാൽ ആയത് ക്വട്ടേഷൻ വഴി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി - ഏറനാട്

156(2625) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽ ഉൾപ്പെടുത്തി ഏറനാട് നിയോജകമണ്ഡലത്തിൽ എത്ര കുളങ്ങൾ തെരഞ്ഞെടുത്തിട്ടുണ്ടെന്നുള്ള വിവരം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഏറനാട് നിയോജക മണ്ഡലത്തിൽ എത്ര കുളങ്ങളുടെ പണി പൂർത്തിയായിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽ ഉൾപ്പെടുത്തി ഏറനാട് നിയോജകമണ്ഡലത്തിൽ താഴെപ്പറയുന്ന കുളങ്ങൾ നവീകരണത്തിനായി തെരഞ്ഞെടുത്തിട്ടുണ്ട്.

1. പാറോടിക്കുളം
2. മൈലാടി കോളനിക്കുളം

(ബി) പ്രസ്തുത പദ്ധതി പ്രകാരം പാറോടിക്കുളത്തിന്റെ പണി പൂർത്തിയായിട്ടുണ്ട്. മൈലാടി കോളനിക്കുളത്തിന്റെ പണി സ്ഥലത്തർക്കംമൂലം തുടങ്ങുവാൻ സാധിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly